"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഭരണസമിതികളുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.178/2024/LSGD തീയതി,തിരുവനന്തപുരം, 13-12-2024

പരാമർശം:-

1. 08/11/2021-ലെ സ.ഉ. (അച്ചടി) നം.55/2021/തസ്വഭവ
2. 03/10/2024 -ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ അജണ്ട നം.6 പ്രകാരമുള്ള തീരുമാനം.
3. കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 16/11/2024 തീയതിയിലെ KSHO/2034/2024-M1- Part(2) നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ നിലവിലെ ഭരണ സമിതികളുടെ മൂന്ന് വർഷ കാലാവധി 2025 ജനുവരി 25-ന് അവസാനിക്കുകയാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡ് വിഭജനം നടത്തുന്നതിന് സർക്കാർ തീരുമാനമായിട്ടുള്ള സാഹചര്യത്തിൽ അതിനു മുൻപ് കുടുംബശ്രീ തെരഞ്ഞെടുപ്പ് നടത്തുന്നത് സംഘടനാ സംവിധാനത്തിൻറെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതാണ് എന്നും കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാർഡ് വിഭജനം നടക്കുമ്പോൾ അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ എഡിഎസുകളും പുന:ക്രമീകരിക്കേണ്ടതായി വരുന്നതാണ് എന്നും നിലവിലെ വാർഡുകൾക്കു പുറമെ പുതുതായി രൂപീകരിക്കുന്ന വാർഡുകളിൽ ഉൾപ്പെടെ സംഘടനാ സംവിധാനം ഒരുക്കേണ്ടതുള്ളതിനാൽ വാർഡ് വിഭജനത്തിനു ശേഷം ത്രിതല സംഘടനാ സംവിധാനത്തിലെ ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് നടത്തുന്നതാകും ഉചിതം എന്നും കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. 03/10/2024 -ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം പ്രസ്തുത വിഷയം പരിശോധിക്കുകയും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഭരണ സമിതികളുടെ കാലാവധി 2026 ജനുവരി 25 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിലെ ഭരണ സമിതികളുടെ കാലാവധി 2026 ജനുവരി 25 വരെ ദീർഘിപ്പിച്ചു നൽണമെന്നും കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള കുടുംബശ്രീ സി.ഡി.എസ് ബൈലോ അനുച്ഛേദം 16.5.3 പ്രകാരമുള്ള

വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനത്തിലെ ഭരണ സമിതി ഭാരവാഹികളുടെ കാലാവധി 2026 ജനുവരി 25 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&,ആർ.എസ്.എ)/ജി&എസ്.എസ്.എ കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (IA1/345/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 16-12-2024 10:42:31
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്